# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5618 — 27.10.2011 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ ആവശ്യത്തിന് വായ്പ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) ബിരുദാനന്തര ബിരുദങ്ങൾ, പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്ററിനറി, നിയമം, ദന്തൽ, ബിസിനസ് മാനേജ്മെന്റ്, കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, ബി.ഫാം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/ സർക്കാർ അംഗീകൃത കോളേജുകളിൽ/ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നു. ഇന്ത്യക്കകത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപവരെയും, വിദേശ പഠനത്തിന് 20 ലക്ഷം രൂപ വരെയുംമാണ് വായ്പ അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപവരെയുള്ളവർക്ക് ഈടില്ലാതെ പരമാവധി 4.50 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നു. അതിന് മുകളിൽ വായ്പ ആവശ്യമുള്ളവർക്കും വാർഷിക വരുമാനം 4 ലക്ഷം രൂപയിലധികരിക്കുന്നവർക്കും ഈട് നിഷ്കർഷിക്കുന്നു. സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പകൾ കോഴ്സ് തീർന്ന് ആറുമാസത്തിനുശേഷമോ, ജോലി ലഭിച്ച് 3 മാസത്തിനുശേഷമോ, ഏതാണോ ആദ്യം അന്നു മുതൽ വായ്പ തിരിച്ചടവ് തുടങ്ങിയാൽ മതിയാകുന്നതാണ്. വായ്പകൾക്ക് സഹകരണ |

സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ പലിശ ഈടാക്കുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം സഹകരണ ബാങ്കുകളാണ് വിദ്യാഭ്യാസ വായ്പ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സാമ്പത്തിക ശേഷിയുള്ള പ്രാഥമിക വായ്പാ സഹകരണ ബാങ്കുകൾ എന്നിവ വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇപ്രകാരം വിദ്യാഭ്യാസ വായ്പ നൽകിയിരുന്നോ; എങ്കിൽ എത്ര തുക വായ്പയായി നൽകിയിരുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

(സി) നൽകിയിരുന്നു.
ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| | |
|---|---|
| തിരുവനന്തപുരം | 159.24 |
| കൊല്ലം | 673.36 |
| പത്തനംതിട്ട | 490.22 |
| ആലപ്പുഴ | 971.67 |
| കോട്ടയം | 149.72 |
| ഇടുക്കി | 1,585.00 |
| എറണാകുളം | 1,143.94 |
| തൃശ്ശൂർ | 654.89 |
| പാലക്കാട് | 300.07 |
| മലപ്പുറം | 131.84 |
| കോഴിക്കോട് | 142.00 |
| വയനാട് | 108.00 |
| കണ്ണൂർ | 670.00 |
| കാസറഗോഡ് | 142.00 |
| സംസ്ഥാന സഹകരണ ബാങ്ക് | 2,014.22 |

സെക്ഷൻ ഓഫീസർ